# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.877 30.06.2015-ൽ മറുപടിയ്ക്ക്**

## <u>ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ദാസൻ: | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ റ്റി.എസ്. ആവുന്നതിലേക്ക് പ്രവൃത്തിയുടെഇലക്ട്രിക്കൽ-മെക്കാനിക്കൽ എസ്റ്റിമേറ്റുകൾ തയ്യാറാവുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മെക്കാനിക്കൽ - ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റുകൾ നിലവിൽ DSR റേറ്റിൽ ആണോ റിവൈസ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ; | | (ബി)&(സി) സിവിൽ,മെക്കാനിക്കൽ പ്രവൃത്തികൾ DSR2013 ലും ഇലക്ട്രിക്കൽ പ്രവൃത്തികൾ 2012 SOR ലും ഉൾപ്പെട്ട എസ്റ്റിമേറ്റാണ് ചീഫ് എഞ്ചിനീയർ (ഐ&എ)യിൽ നിന്ന് ലഭിച്ചിട്ടുള്ളത്. 31.03.2015 ൽ കൂടിയ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ എല്ലാ എസ്റ്റിമേറ്റുകളും DSR2014 ലേക്ക് മാറ്റാൻ നിർദ്ദേശം നല്കി. അതനുസരിച്ച് സിവിൽ പാർട്ട് 2014 ലേക്ക് മാറ്റിയിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ DSR2014 ലേക്ക് മാറ്റി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് D.S.R നിരക്കിൽ റിവൈസ് ചെയ്താൽ മാത്രമേ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് റ്റി.എസ് ആവുകയുള്ളൂ എന്ന നിലയിൽ ജലവിഭവ വകുപ്പിൽ നിർദ്ദേശമോ തീരുമാനമോ ഉണ്ടോ; വിശദമാക്കാമോ; പകർപ്പ് ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | ചിറ്റാരിക്കടവ് പദ്ധതിയ്ക്ക് റ്റി.എസ് നൽകുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വിശദമായി വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ